പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 1285 20.03.2012 ലെ മറുപടിക്ക്

വിജ്ഞാൻവാടി കേന്ദ്രങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | | ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വിജ്ഞാൻവാടി കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് എത്ര തുക അനുവദിച്ചിരുന്നു ; ഇതിനകം എത്ര വിജ്ഞാൻ വാടികൾ സ്ഥാപിക്കപ്പെട്ടുവെന്നും ഈ ഇനത്തിൽ എത്ര തുക ചെലവഴിക്കപ്പെട്ടുവെന്നും വ്യക്തമാക്കാമോ ; | (എ) | വിജ്ഞാൻവാടി പദ്ധതിയുടെ ആദ്യഘട്ടമായി 70 പട്ടികജാതി കോളനികളിൽ വിജ്ഞാൻവാടി കേന്ദ്രം ആരംഭിക്കുന്നതിനായി 105 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ 1000 വിജ്ഞാൻവാടികൾ സ്ഥാപിക്കുന്നതിന് 6500 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ വിജ്ഞാൻവാടികൾ സ്ഥാപിക്കുന്നതിനുള്ള കെട്ടിടം പണിക്കായി 50 കോടി രൂപ പോലീസ് ഹൌസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ TPA അക്കൌണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| (ബി) ബാലുശ്ശേരി മണ്ഡലത്തിലെ കോട്ടൂർ ഗ്രാമ പഞ്ചായത്തിൽ അനുവദിച്ച വിജ്ഞാൻവാടി കേന്ദ്രം സ്ഥാപിക്കുന്നതിലെ തടസ്സങ്ങൾ എന്താണ് ; | (ബി) & (സി) | കോട്ടൂർ പഞ്ചായത്തിലെ വാഴോറമല 'ബി' കോളനിയിൽ വിജ്ഞാൻവാടി സ്ഥാപിക്കുന്നതിന് അനുവദിച്ച കമ്മ്യൂണിറ്റിഹാൾ കെട്ടിടം വൈദ്യുതീകരിച്ചിരുന്നില്ല. ഇവിടെ വയറിംഗിനായി 70,000/- രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗം തയ്യാറാക്കി നൽകിയിട്ടുണ്ട്. |
| (സി) ഈ തടസ്സങ്ങൾ പരിഹരിക്കുന്നതിന് പ്രതീക്ഷിക്കുന്ന ചെലവുകൾ എത്രയാണ് ; | | |
| (ഡി) തടസ്സങ്ങൾ പരിഹരിച്ച് പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ